കർത്താവിൽ സഹപ്രവർത്തകരെ,

ക്രിസ്തീയ വിദ്യാഭ്യാസ പ്രവർത്തനത്തിൽ നവമാധ്യമങ്ങൾ ഉയർത്തുന്ന സാധ്യതകളും വെല്ലുവിളികളും വർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രത്യേകിച്ച് ഇന്റർനെറ്റിലൂടെയും മറ്റും പ്രചരിക്കുന്ന സന്ദേശങ്ങൾ നമ്മുടെ വിശ്വാസ സ്വത്വബോധത്തെ (faith identity) സാരമായി ബാധിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ സ്വാതന്ത്ര ചിന്തകളാൽ നയിക്കപ്പെടുന്നതുമാണ്. ഇവയുടെ ആധികാരികതയെക്കുറിച്ച് ആരും ബോധവതികളുമല്ല. വളരെ വേഗത്തിലും (Instant) അധികം പ്രയത്നം കൂടാതെയും ലഭ്യമാകുന്ന സന്ദേശങ്ങളിൽ ആകൃഷ്ടരാകുന്നവർ വിവരങ്ങളുടെ (Information) ഉറവിടത്തെക്കുറിച്ചോ, ആധികാരികതയെക്കുറിച്ചോ അന്വേഷിക്കുവാൻ താല്പര്യപ്പെടാറുമില്ല. ഇത് അപകടകരമായ ആത്മീയത രൂപപ്പെടുത്തുന്നതിന് ഇടയാക്കും. ആയതിനാൽ വായന, പ്രബോധനം, ഉപദേശം എന്നീ ശിക്ഷണങ്ങൾക്ക് സ്വയം വിധേയപ്പെടുവാൻ (1 തിമൊ. 4:13) അദ്ധ്യാപകർ ഒരുങ്ങണം. സമാജമായി ഭദ്രാസനതലത്തിലും സെന്റർ തലത്തിലും ക്രമീകിരക്കുന്ന നിശ്ചയിക്കപ്പെട്ട ചിന്താവിഷയം പഠിക്കുന്നതിലും, പങ്കെടുക്കുന്നതിലും ഏവരും ഉപേക്ഷകൂടാതെ ശ്രദ്ധിക്കണം.

നവംബർ മാസം 5-ാം തീയതി അഖിലലോക സൺഡേസ്കൂൾ ദിനമായി ആചരിക്കുന്നു. മുൻ വർഷങ്ങളിലെ പ്പോലെ സഹോദരീ സഭകളുമായി ചേർന്ന് സൺഡേസ്കൂൾ കുട്ടികളുടെ റാലിയും പൊതു സമ്മേളനവും ക്രമീകരിക്കണം. അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയുടെ അംഗീകാരത്തോടെയുള്ള ആരാധനാക്രമം ഉപയോഗിക്കണം. അച്ചന്മാരുടെ അനുവാദത്തോടെ കുട്ടികൾ വി. കുർബ്ബാനയിലും, പാഠംവായന, സ്തോത്രകാഴ്ച, ആരാധന എന്നിവയിൽ പങ്കുചേരത്തക്കവണ്ണം ക്രമീകരണം ചെയ്യണം. അഖിലലോക സൺഡേസ്കൂൾ ദിനത്തിന് പാടുന്നതിന് സഹായകരമായ വിധത്തിൽ ഒരു ഗാനം തയ്യാറാക്കി സമാജം ഔദ്യോഗിക വെബ്സൈറ്റ് ആയ samajam.marthoma.in -ൽ ഉപയോഗത്തിനായി ക്രമീകരിച്ചിട്ടുണ്ട്.

2018 ലെ വി.ബി.എസിന്റെ ചിന്താവിഷയം 'രൂപാന്തരപ്പെടുത്തുന്നവർ' (Transformers) എന്നാണ്. ചിന്താവിഷയം അധീകരിച്ചുള്ള പാട്ടുകൾ തെരഞ്ഞെടുക്കപ്പെടുവാൻ താല്പര്യപ്പെടുന്നവർ 2017 നവംബർ 15-നകം സമാജം ആഫീസിൽ ക്രമപ്രകാരം അയയ്ക്കണം.

സമാജത്തിന്റെ ശതാബ്ദി പദ്ധതിയായ സുഗന്ധഗിരിക്കുവേണ്ടി ആണ്ടുതോറും നടത്തുന്ന വിഭവസമാഹരണമാണല്ലോ My share for Mission Work. പ്രസ്തുത വിഭവസമാഹരണം 2018 ജനുവരി 14 -ാം തീയതി അതാത് സൺഡേസ്കൂളിൽ നടത്തേണ്ടതാണ്. സുഗന്ധഗിരി പദ്ധതിയിൽ കോ-ഓർഡിനേറ്ററായി ശ്രീമതി. കുഞ്ഞുമോളും 4 ട്രൈബൽ വാളന്റിയർമാരും സേവനമനുഷ്ഠിക്കുന്നുണ്ട്. രണ്ട് കേന്ദ്രങ്ങളിലായി 80 കുട്ടികൾക്ക് ട്യൂഷൻ നൽകുന്നു. കൂടാതെ അമ്മമാരുടെ കൂട്ടം, കുട്ടിക്കൂട്ടം, ആരോഗ്യ ബോധവത്കരണ ക്യാമ്പുകൾ, സ്ത്രീകൾക്കുള്ള പ്രത്യേക കൂട്ടായ്മകൾ, സാംസ്ക്കാരിക പരിപാടികൾ എന്നിവ നിർവ്വഹിച്ചു വരുന്നു. അന്നേ ദിവസം എടുക്കുന്ന സ്തോത്രകാഴ്ച താമസംവിന ആഫീസിൽ അടയ്ക്കുവാൻ പ്രധാന അദ്ധ്യാപകർ ശ്രദ്ധിക്കണം. ഈ വർഷം പ്രതീക്ഷിക്കുന്ന (13,00,000/-) തുക സമാഹരിക്കുവാൻ ഏവരും ഉത്സാഹിക്കണം.

കാലഘട്ടത്തിനനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടത് ഫലകരവും കുറ്റമറ്റതുമായി ശുശ്രൂഷ നിർവ്വഹിക്കുന്നതിന് ഇടയാക്കും. നാളിതുവരെ കുമാരവകുപ്പ് മുതൽ യുവവകുപ്പ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ (data) സമാജം ആഫീസിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ വർഷം അതത് സൺഡേസ്കൂളുകളിൽ പേര് ചേർക്കപ്പെട്ട നേഴ്സറി മുതൽ ബാലവകുപ്പ് വരെയുള്ള കുട്ടികളുടെയും, മുഴുവൻ അദ്ധ്യാപകരുടേയും വിവരങ്ങൾ (data) സമാജത്തിൽ നിന്ന് ലഭിക്കുന്ന അറിയിപ്പ് അനുസരിച്ച് ക്രമീകരിക്കുവാൻ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2018 ജനുവരി 12,13 തീയതികളിലാണ് ബിരുദ് പരീക്ഷയുടെ സമാജതലത്തിലെ മൂല്യനിർണ്ണയ ക്യാമ്പ് നടത്തുന്നത്. ആയതിലേക്ക് കൂടുതൽ അദ്ധ്യാപകരുടെ സേവനം ആവശ്യമാണ്. അദ്ധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ സെന്റർ ഇൻസ്പെക്ടറന്മാരും, ഡിസ്ട്രിക്ട് ഓർഗനൈസർമാരും ശ്രദ്ധിക്കണം.

റാന്നി- നിലയ്ക്കൽ ഭദ്രാസന സൺഡേസ്കൂൾ ഭാരവാഹികൾ സംഘടിപ്പിച്ച ഇസ്രയേൽ തീർത്ഥാടനത്തിന്റെ അന്തിമ ദിനങ്ങളിലാണ് ഈ സന്ദേശം പൂർണ്ണമാകുന്നത്. യേശു ജനിച്ച ബേത്‌ലഹേം, ഇസ്രയേൽ-പാലസ്തീൻ രാജ്യങ്ങൾ വിഭജിക്കുന്ന മതിലിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള തീവ്ര വിഭാഗീയതയുടെ അടയാളങ്ങൾ സന്ദർശനവേളയില് പ്രകടമായിരുന്നു. ബേത്‌ലഹേം സ്ഥിതി ചെയ്യുന്ന പാലസ്തീനിൽ പാർക്കുന്ന കുടുംബങ്ങൾ കഷ്ടതയും വേദനയും അനുഭവിക്കുന്നത് ദർശിക്കുവാൻ കഴിയും. ഇതിൽ ഏറെയും ബാധിക്കപ്പെടുന്നത് കുഞ്ഞുങ്ങളെയാണ്. രാഷ്ട്രവും മതവും വർഗ്ഗവും പ്രകോപിതരായി രക്തചൊരിച്ചിൽ നടത്തുമ്പോൾ കുട്ടികളുടെ സ്വതന്ത്രമായ ബാല്യമാണ് അപഹരിക്കപ്പെടുന്നത്. വിദ്വേഷത്തിന്റെ പരിസരങ്ങളിൽ വളരുന്ന കുട്ടികൾക്ക് എന്ത് പ്രത്യാശ ? എന്ത് സമാധാനം ? ഈജിപ്തിലേക്ക് പലായനം ചെയ്യപ്പെട്ട ശിശുവായ യേശുവും അതേ പരിസരങ്ങളിൽ വളർന്നവനായിരുന്നു. എന്നാൽ 'തന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടവനാണ്' എന്ന ബോധ്യം നൽകിയ മറിയയുടെയും യോസഫിന്റെയും ക്രിസ്തീയ ബോധന ദൗത്യം ചിന്തോദീപകമാണ്. ഇന്നും വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-സ്വകാര്യ-സ്വകീയ പരിസരങ്ങളിലാണ് നമ്മുടെ കുഞ്ഞുങ്ങളും വളരുന്നത്. പിതാവിന്റെ ഭവനത്തെക്കുറിച്ച് ആഴമായ ബോധ്യം നൽകുവാൻ നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനം ഇടയാക്കട്ടെ.

ഏവർക്കും അനുഗ്രഹീത ക്രിസ്തുമസും, പ്രത്യാശാ നിർഭരമായ പുതു വർഷവും ആശംസിക്കുന്നു.